"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ തണ്ടപ്പേരിൽ ഉൾപ്പെട്ട വെള്ളൂർ - മുളക്കുളം വില്ലേജുകളിൽ പെട്ട ഭൂമിയിൽ നിന്നും 157.0437 ഏക്കർ ഭൂമി കേരള റബ്ബർ ലിമിറ്റഡിന്റെ പേർക്ക് രജിസ്റ്റർ ചെയ്ത പ്രമാണം (Conveyance Deed) മുഖേന കൈമാറ്റം നടത്തുവാൻ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.249/2025/ID തീയതി,തിരുവനന്തപുരം,06-03-2025

---

പരാമർശം:-
1) 1975 ഡിസംബർ മുതൽ 1978 ജനുവരി വരെയുള്ള കാലയളവിൽ കേരള സർക്കാരും M/s ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ ഒപ്പുവെച്ച 1961-ലെ കേരള ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരമുള്ള വിവിധ ആർട്ടിക്കിൾ ഓഫ് എഗ്രിമെൻറുകൾ.
2) 29-01-1979-ൽ കേരള സർക്കാരും M/s ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ ഒപ്പുവച്ച 1961-ലെ കേരള ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരമുള്ള ആർട്ടിക്കിൾ ഓഫ് എഗ്രിമെന്റ്.
3) കോട്ടയം ജില്ലാ കളക്ടറുടെ 08-11-2019-ലെ നം DCKTM/9143/2019/GI നോട്ടീസ്.
4) TIBA/03/KOB/2019 നമ്പർ കേസിൽ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബെഞ്ച് 29-01-2021 ന് പുറപ്പെടുവിച്ച ഉത്തരവ്.
5) 20-11-2023-ലെ സ.ഉ.(സാധാ) നം.1171/2023/ID നമ്പർ സർക്കാർ ഉത്തരവ്.
6) 19-11-2024-ലെ സ.ഉ.(സാധാ) നം.2761/2024/RD നമ്പർ സർക്കാർ ഉത്തരവ്.
7) കേരള റബ്ബർ ലിമിറ്റഡ് ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടറുടെ 22-12-2023-ലെ D.O/CMD/KRL/25/2023-24 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര സർക്കാരിന്റെ ഘനവ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള M/s ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡും (എച്ച്.പി.സി), കേരള സർക്കാരും തമ്മിൽ കേരള ന്യൂസ്പ്രിന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി 07-10-1974-ൽ കരാറിൽ

ഏർപ്പെടുകയും ആയത് പ്രകാരം കേരള ന്യൂസ്പ്രിന്റ് പ്രോജക്റ്റ് (കെ.എൻ.പി.) എന്ന പദ്ധതി പ്രാവർത്തികമാക്കുകയും ചെയ്തു. സംസ്ഥാനത്ത് വ്യവസായം പ്രോൽസാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പദ്ധതിക്കു ധാരാളം ഇളവുകളും, അവകാശങ്ങളും, ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ അനുവദിച്ചു നല്കിയിരുന്നു. ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന് വേണ്ടി ഇപ്രകാരം നല്കിയ ആനുകൂല്യങ്ങളുടെ ഭാഗമായി കേരള ന്യൂസ്പ്രിന്റ് പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യം മാത്രം നിശ്ചിതപ്പെടുത്തിക്കൊണ്ട് **698.96** ഏക്കർ സ്ഥലം **1961**-ലെ കേരള ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും, പരാമർശം-**1**-ലെ എഗ്രിമെൻറുകളിലെ നിബന്ധനകൾക്ക് വിധേയമായി എച്ച്.പി.സിക്ക് കൈമാറുകയും ചെയ്തു. ഇപ്രകാരം കൈമാറിയ **698.96** ഏക്കർ ഭൂമിയിൽ കെ.എൻ.പി., എച്ച്.പി.സിയുടെ കീഴിലുള്ള കമ്പനിയായി ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) എന്ന പേരിൽ സ്ഥാപിതമായി. തുടർച്ചയായ നഷ്ടത്തിനെത്തുടർന്നു എച്ച്.എൻ.എൽ. കമ്പനി **2019**-ൽ കേന്ദ്ര സർക്കാർ അടച്ചുപൂട്ടി. പരാമർശം-**2** ആർട്ടിക്കിൾ ഓഫ് എഗ്രിമെന്റിൽ നിഷ്കർഷിച്ചിരുന്ന, കാലാകാലങ്ങളിൽ ഉള്ള വർദ്ധനക്കു വിധേയമായ വാർഷിക തറ വാടക നല്കുക, പദ്ധതിയുടെ പ്രവർത്തനം നിർബാധം തുടരുക എന്നീ നിബന്ധനകൾ ലംഘിച്ചതിനാൽ പരാമർശം **2**-ലെ ബി, എഫ്, വകുപ്പുകൾ ഉദ്ധരിച്ച് പ്ലാൻറ് സ്ഥിതി ചെയ്തിരുന്ന **698.96** ഏക്കർ സ്ഥലം തിരിച്ചെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർ പരാമർശം-**3** പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചു.

**2)** കേന്ദ്ര സർക്കാർ അടച്ചുപൂട്ടിയ കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ, ബാധ്യതകൾ എല്ലാം തീർത്ത് ഏറ്റെടുക്കുന്നതിനായി കേരള സർക്കാർ സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ, പരാമർശം-**4** പ്രകാരം നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെ കൊച്ചി ബെഞ്ച് അംഗീകരിക്കുകയും അതനുസരിച്ച് കമ്പനിയെ കേരള സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് **Registrar of Companies (RoC)**-ന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ) എന്ന് പുനർ നാമകരണം ചെയ്ത് **20-12-2021**-ൽ **Certificate of Incorporation** നല്കുകയും ചെയ്തു.

**3)** കേരള സർക്കാർ ഏറ്റെടുത്ത് നല്കിയ **698.96** ഏക്കർ ഭൂമിയുടെ തണ്ടപ്പേരുകളിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്നാക്കി വില്ലേജ് റിക്കാർഡുകളിൽ വരുത്തിയ മാറ്റം സാധൂകരിച്ചും റവന്യൂ രേഖകളിൽ നിയമാനുസൃത മാറ്റങ്ങൾ വരുത്തുന്നതിന് കോട്ടയം ജില്ലാ കളക്ടർക്കു അനുമതി നൽകിയും പരാമർശം-**6** പ്രകാരം ഉത്തരവായിരുന്നു.

**4)** മേൽ ഭൂമിയിൽ നിന്നും **164.85** ഏക്കർ ഭൂമി കേരള റബ്ബർ ലിമിറ്റഡിന് (കെ.ആർ.എൽ.) കൈമാറുവാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ടി ഭൂമിയുടെ ഈടിന്മേൽ, കെ.ആർ.എൽ. പദ്ധതി പ്രവർത്തനത്തിന് വേണ്ടി സ്മാൾ

ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ **(SIDBI)** ലോൺ അനുവദിച്ചിരുന്നു. കെ.ആർ.എൽ-ന് കൈമാറുവാൻ ഉദ്ദേശിച്ചിരുന്ന ഭൂമിയുടെ കൈമാറ്റ നടപടികളിലെ കാലതാമസം കേരള റബർ ലിമിറ്റഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുമെന്ന് റിപ്പോർട്ട് ചെയ്തുകൊണ്ട് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും കേരള റബ്ബർ ലിമിറ്റഡിന് ഭൂമി കൈമാറുന്ന നടപടി ത്വരിതപ്പെടുത്തണമെന്ന് പരാമർശം-7 പ്രകാരം കേരള റബ്ബർ ലിമിറ്റഡ് ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാർ ഏറ്റെടുത്ത് നൽകിയതും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ പേരിലേക്ക് തണ്ടപ്പേർ രജിസ്റ്ററിൽ മാറ്റം വരുത്തിയതുമായ **690.78** ഏക്കർ (ഡിജിറ്റൽ റീ-സർവ്വേ പ്രകാരം) ഭൂമിയിൽ നിന്നും **160** ഏക്കറോളം ഭൂമി പ്രകൃതി ദത്ത റബ്ബർ അതിഷ്ഠിത വ്യവസായങ്ങളും ഉപോൽപ്പന്നങ്ങളും നിർമ്മിക്കുന്ന വ്യാവസായിക സമുച്ചയങ്ങൾ അടങ്ങിയ റബ്ബർ പാർക്ക് നിർമ്മിക്കുന്നതിന് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേരള റബ്ബർ ലിമിറ്റഡ് (കെ.ആർ.എൽ.) എന്ന കമ്പനിക്ക് വിട്ടു നൽകുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, എറണാകുളം-കോട്ടയം റെയിൽ പാതയ്ക്ക് പടിഞ്ഞാറ് വശത്തുള്ള റീസർവേ പ്രകാരമുള്ള **163.9407** ഏക്കർ ഭൂമിയിൽ നിന്നും, കെ.പി.പി.എൽ-ന്റെ സംസ്കരിച്ച മാലിന്യങ്ങൾ പുറന്തള്ളുന്ന പൈപ്പ് ലൈൻ മൂവാറ്റുപുഴ നദീ തീരത്ത് അവസാനിക്കുന്ന ഭാഗത്തെ **0.3993** ഏക്കർ ഭൂമിയും, കൊച്ചിൻ സിമിന്റ്സ് ലിമിറ്റഡിന് പാട്ടത്തിന് നല്കിയ **5.6964** ഏക്കർ ഭൂമിയും ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള **0.8013** ഏക്കർ ഭൂമിയും ചേർത്ത് ആകെ **6.8971** ഏക്കർ ഭൂമി കുറവ് ചെയ്ത് ബാക്കിയുള്ള **157.0437** ഏക്കർ ഭൂമി കേരള റബ്ബർ ലിമിറ്റഡിന്റെ പേർക്കു രജിസ്റ്റർ ചെയ്ത പ്രമാണം **(Conveyance Deed)** മുഖേന കൈമാറ്റം നടത്തുവാൻ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) സാധുവായ രേഖകൾ ബന്ധപ്പെട്ട തഹസിൽദാർ മുമ്പാകെ സമർപ്പിച്ച് പോക്കുവരവ് ചെയ്ത് ഭൂമി കൈമാറ്റം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് സ്പെഷ്യൽ ഓഫീസർ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

7) കൈമാറ്റം ചെയ്യേണ്ട ഭൂമിയുടെ ഡിജിറ്റൽ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള സർവ്വേ സ്കെച്ച് അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി


ചെയർപേഴ്സൺ & മാനേജിംഗ് ഡയറക്ടർ, കേരള റബ്ബർ ലിമിറ്റഡ്, കോട്ടയം
സ്പെഷ്യൽ ഓഫീസർ, കേരള പേപ്പർപ്രോഡക്ട്സ് ലിമിറ്റഡ്, വെള്ളൂർ,

കോട്ടയം
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
റവന്യൂ (എം) വകുപ്പ് (സൂചന **06-02-2025**-ലെ എം**3/114/2024**/റവ നമ്പർ കുറിപ്പ്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Shabna N
Date: 06-03-2025 18:15:03
സെക്ഷൻ ഓഫീസർ

# PROPOSED LAND OF KPPL TO BE TRANSFERED TO KRL
# PREPARED ON DIGITAL SURVEY BASIS




| Sl No | Dig Sy No | Old Sy No | Area( Hec) | Remarks |
|---|---|---|---|---|
| 1 | 49 / 161 | 665 / 6 | 0.1616 | Road(HNL) |
| 2 | 49 / 156 | 663 / 2, 665/3, 662/6,7. 665/1 | 0.3708 | Road(HNL) |
| 3 | 49 / 163 | 662 /7. 651/9, | 0.1782 | Road(HNL) |
| 4 | 71 / 19 | 647 /2,3, 653/3, 4,6,11, 652/2,3,4, 654/1, 647/5, | 0.6388 | Road(HNL) |
| 5 | 71 /31 | 652/ 3, 4 | 0.8617 | Hnl |
| 6 | 71 / 26 | 653/3, 6, 7, 8,9, 10, 11, 647/3, 6,7,8 | 3.8773 | Hnl |
| 7 | 71 / 21 | 652/1, 2, 3, 4 | 0.3699 | Hnl |
| 8 | 71 /22 | 661/2 | 0.1192 | Hnl |
| 9 | 71 /24 | 362 /10 | 0.4571 | Hnl |
| 10 | 71 /25 | 362/10, 365/2,366/3,6 | 2.7042 | Hnl |
| 11 | 71 /61 | 352 /8 | 0.2430 | Hnl |
| 12 | 71 /52 | 349 / 4 | 0. 04 93 | Hnl |
| 13 | 71 /48 | 366 /3 | 0.2650 | Hnl |
| 14 | 71 /47 | 366 /4 | 0.1872 | Hnl |
| 15 | 71 /49 | 366 /3 | 0.0271 | Hnl |
| 16 | 71 /50 | 366 /4 | 0.0942 | Hnl |
| 17 | 71 /46 | 365 /1, 367 /1 | 0.1898 | Hnl |
| 18 | 71 /28 | 353 /2 | 0.4526 | Hnl |
| 19 | 71 /126 | 349 /4, 370/5 | 0.3883 | Hnl |
| 20 | 71 /42 | 351 /11 | 0.0487 | Hnl |
| 21 | 71 /40 | 367 /5 | 0.0487 | Hnl |
| 22 | 71 /20 | 351/1,2,3,4,5,7,8,9,10,11 352/3,5,6,8,9, 10,11,16, 353/2, 3,10, 16, 366/3,,6, 7, 10,11, , 367/2,3, 1,4 ,6,7,8, ,10,11, 12,14, 351/12, 368/1,3,4,5,8,9,10,13,16,5,12,17 ,647/2, 3,5, 652/2,4, 8, 9,10,11, 12, 13,14, 654/1, 2,3, 655/1, 2,3,4, 6,10,11, 656/2,3, 4,5,6,7,8,9,10,11,12.13,15,17,18, 19, 657/2,4, 5,6, 7, 9, 658/2, 3,4,6, 1,10, 11,12, 659/1,2,3,4,5,6 | 38.2183 | Hnl |
| 23 | 71 /68 | 368 /16,17,655/10,11, 656/2,3,4 ,5,6,7,9,10,11, 12, 13,17, 19,657/1,2,4, 5,6, 9, | 8.5837 | Hnl |
| 24 | 71 /63 | 656 /15,524/4,369/2 | 2.6577 | Hnl |
| 25 | 71 /64 | 653 /1 | 0.1052 | Hnl |
| 26 | 71 /29 | 659/7,660/2, 661/1 | 2.3053 | C C L |
| 27 | 71/23 | 658/8 | 0.3243 | TEMPLE |
| 28 | 71/57 | 369/1 | 0.1747 | Govt Land |
| 29 | 71/33 | 349/7 | 0.0486 | tharshu |
| 30 | 71/34 | 349/5 | 0.0448 | Govt Land |
| 31 | 71/35 | 370/2 | 0.0733 | Govt Land |
| 32 | 71/36 | 369/9 | 0.0942 | Govt Land |
| 33 | 71/37 | 368/14 | 0.0569 | Govt Land |
| 34 | 71/59 | 368/18 | 0.0932 | Govt Land |
| 35 | 71/60 | 656/14,16 | 0.1704 | Govt Land |
| 36 | 71/62 | 368/15 | 0.3441 | Govt Land |
| 37 | 71/53 | 657/8 | 0.1701 | Govt Land |
| 38 | 71/55 | 657/7B | 0.0609 | Govt Land |
| 39 | 71/56 | 655/7 | 0.0970 | Govt Land |
| 40 | 71/54 | 657/3 | 0.0851 | Govt Land |
| 41 | 71/38 | 368/11 | 0.0892 | Govt Land |
| 42 | 71/39 | 368/7 | 0.0489 | Govt Land |
| 43 | 71/40 | 367/5 | 0.0487 | HNL |
| 44 | 71/41 | 367/4 | 0.0527 | Govt Land |
| 45 | 71/44 | 367/14C | 0.0167 | Govt Land |
| 46 | 71/45 | 366/8 | 0.0405 | tharshu |
| 47 | 71/17 | 653/2 | 0.1013 | tharshu |
| 48 | 71/115 | 653/3,4,6,11,654/1,647/2,3,5 | 0.4003 | HNL |
| 49 | 49/164 | 662/7C | 0.0058 | Govt Land |
| 50 | 71/17 | 653/2 | 0.1013 | Govt Land |
| | | | 66.2966 | |

The sketch is prepared on the basis of digital Survey records

20/11/24 Agmal. C (S.G.S)

20/11/24 Priji. P. S (G.)

20/11/24 Harish P. Kunal (S.G.S)